# താഴെക്കാട്ടു പറമ്പ് തലമുറ

സമീപകാലം വരെ ജനങ്ങൾ മുഖ്യമായും നെൽകൃഷിയെ ആശ്രയിച്ചാണ് ജീവിച്ചിരുന്നത്, കൃഷിക്ക് അനുയോജ്യമായ മണ്ണ്, കാലാവസ്ഥ, വെള്ളം മുതലായവയേയും കണക്കിലെടുത്ത് ഇരുമ്പൻ കാരണ വൻമാർ എറണാകുളം ജില്ലയിലെ ആലുവ താലൂക്ക് പാറക്കടവ് വില്ലേജിൽ പൂവത്തുശ്ശേരിയിലും പ്രാന്ത പ്രദേശങ്ങളിലും പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാന കാലഘട്ടങ്ങളിലും താമസമാക്കി.

ഇരുമ്പൻ തറവാട്ടിലെ ഒന്നാം തലമുറക്കാരായ ഐപ്പ് കൊച്ചുവറീത് സഹോദരന്മാർ പൂവ്വത്തുശ്ശേരിയിൽ ഇന്നത്തെ സെന്റ്. ജോസഫ് പള്ളിയുടെ പടിഞ്ഞാറുവശം വൈ.എം.സി.എ കെട്ടിടത്തിന്റെ തെക്കുവശ മുള്ള കോളത്തുശ്ശേരി പറമ്പ്, തൊണ്ടിപറമ്പ് എന്നറിയപ്പെടുന്ന സ്ഥലത്ത് താമസമാക്കിയതായി രേഖകൾ വ്യക്തമാക്കുന്നു. മേൽ പറഞ്ഞ പറമ്പ് രണ്ടായി ഭാഗിച്ച് പടിഞ്ഞാറു ഭാഗത്ത് കൊച്ചുവറീയ്തും, കിഴക്കു ഭാഗത്ത് ഐപ്പും താമസമാക്കി. തുടർന്ന് പടിഞ്ഞാറെ വീട്ടിൽ താമസമാക്കിയ കൊച്ചുവറീയ്തിന്റെ മക്കളിൽ ഐപ്പ് താഴെക്കാട്ടുപറമ്പിലും, കുഞ്ഞവർക്കി തറയിലും താമസമാക്കി.

താഴെക്കാട്ടു പറമ്പിൽ താമസമാക്കിയ ഐപ്പിന് കൊച്ചുവറീയ്ത്, ഐപ്പ്, മറിയം, ത്രേസ്യ, പൗലോ, മാത്തിരി എന്ന് ആറുമക്കളാണ്. കൊച്ചുവറീയ്ത് പുത്തൻചിറയിൽ ആലപ്പാടൻ ദേവസ്സി മകൾ മറിയത്തെ വിവാഹം ചെയ്തു. പെൺമക്കളിൽ മറിയത്തെ വെണ്ണൂര് മാളിയേക്കൽ പൗലോയും, മാത്തിരിയെ അവണങ്കോട് കുരുമത്തി പൗലോയും, ത്രേസ്യയെ പുത്തൻചിറിയിൽ നമ്പാടൻ കുഞ്ഞിപൗലോയും വിവാഹം കഴിച്ചു. ഐപ്പിന് സന്താനസൗഭാഗ്യം ലഭിച്ചില്ല. പൗലോ അവിവാഹിതനായി മരിച്ചു.

**ഐപ്പ് കൊച്ചുവറീയ്തും സന്തതി പരമ്പരകളും**.

എറണാകുളം, തൃശ്ശൂർ ജില്ലാ അതിർത്തിയിൽ ചാലക്കുടി പുഴയിടെ പടിഞ്ഞാറെ കരയിൽ സ്ഥിതി ചെയ്യുന്ന പ്രകൃതി രമണീയമായ ഗ്രാമമാണ് പൂവ്വത്തുശ്ശേരി.ഫലഭൂയിഷ്ടമായ മണ്ണും, ജലസമൃദ്ധിയും, സുഖശീതളമായ കാലാവസ്ഥയും കൊണ്ട് അനുഗ്രഹീതമാണ് ഈ ഭൂപ്രദേശം. ഗ്രാമത്തെ പ്രദക്ഷിണം ചെയ്തുകൊണ്ട് തഴുകി ഒഴുകുന്ന ചാലക്കുടി പുഴ പൂവ്വത്തുശ്ശേരിക്കു മാത്രം സ്വന്തം.നിബിഡമായ വനപ്രതീതി ഉളവാക്കുന്ന ഈപ്രദേശത്തെ അതിവിശാലമായ നെൽവയലുകളും, അതിനിടയിലൂടെ ഒഴുകുന്ന എക്കാലത്തെയും ജല സ്രോതസ്സായ ആലുവ തോടും വലിയ കുളവും കരിക്കാട്ടുചാലും ചേർന്നാൽ ഗ്രാമം പൂർണ്ണമായി. എന്നാൽ മഴക്കാലത്ത് അത്രതന്നെ മലവെള്ളഭീഷണിയും, മറ്റുകാലങ്ങളിൽ കവർച്ചക്കാരുടെ നിരന്തര ശല്യവും പണ്ടു കാലങ്ങളിൽ ഗ്രാമീണർ അഭിമുഖീകരിച്ചിരുന്നു.

ധീരന്മാരും, അധ്വാനശീലരുമായ ഗ്രാമീണർ ഇത്തരം പ്രതികൂല സാഹചര്യങ്ങളെ എപ്രകാരം നേരിടണമെന്ന് നന്നായി പഠിച്ചിരുന്നു.അന്നത്തെനാട്ടു നടപ്പനുസരിച്ച് ആ പ്രദേശത്തെ നിയമ വാഴ്ച നിലനിർത്തിയിരുന്നത് അവിടുത്തെ പ്രമുഖരായിരുന്നു എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. അക്കാലത്ത് താഴെക്കാട്ടുപറമ്പിൽ കൊച്ചുവറീയ്ത് ധാരാളം പൊതുജന പിൻതുണയുണ്ടായിരുന്ന ഒരു മാന്യവ്യക്തിയായിരുന്നു. അദ്ദേഹം കായികാഭ്യാസ മുറകൾ അറിഞ്ഞിരുന്ന ആളായിരുന്നു എന്ന് പിന്നീട് താഴെകാട്ടുപറമ്പിൽ നിന്നും ലഭിച്ചിട്ടുള്ള താളിയോല ഗ്രന്ഥങ്ങൾ സാക്ഷ്യം നൽകുന്നു. ചെന്തമിഴിൽ രചിച്ചിട്ടുള്ള താളിയോല ഗ്രന്ഥങ്ങൾ ഭൂരിഭാഗവും മലയാള വർഷം 1099 ലെ വെള്ളപ്പൊക്കത്തിൽ നാമാവശേഷമായി. ശേഷിച്ചവയിൽ ലഭ്യമായ താളിയോലകളിൽ ഒന്നിന്റെ ഫോട്ടോ താഴെ ചേർത്തിരിക്കുന്നു.



**താഴെക്കാട്ടുപറമ്പിൽ വീടിന്റെ മച്ചിൽ സൂക്ഷിച്ചിരുന്ന താഴിയോലകളുടെ ഫോട്ടോ - വിഷയം - മർമ്മങ്ങളും - അടിതടവുകളും**

കൊച്ചുവറീയ്ത് മറിയം ദമ്പതികൾക്ക് മൂന്ന് ആൺമക്കൾ ജനിച്ചു. ആദ്യത്തെ ഏഴുമക്കളുടെ മരണത്തിനു ശേഷമാണ് മൂത്തമകൻ തോമസ് ജനിച്ചത്. അദ്ദേഹം ദൈവവിളി സ്വീകരിച്ച് പുരോഹിതനായി.



**വറീത് മാത്തു , ബ. ഫാ. തോമസച്ചൻ, വറീത് ഭാര്യ മറിയം, വറീത് ഐപ്പ്**

അനുജന്മാരായ ഐപ്പും, മാത്തുവും ചെറുപ്പത്തിൽ തന്നെ പിതാവിന്റെ മരണത്തെതുടർന്ന് കൃഷിയിലും കുടുംബകാര്യങ്ങളിലും വ്യാപൃതരായി. താഴേക്കാട്ടുപറമ്പിൽ കൊച്ചുവറീയ്ത് കാരണവർ മരിക്കുമ്പോൾ മൂത്തമകൻ തോമസിന് (ഞല്. എ്യ. ഠവീാമ കൃശാുമി) 16 വയസ്സും, ഐപ്പിന് 14 വയസ്സും, മാത്തുവിന് 7 വയസ്സുമായിരുന്നു. ജ്യേഷ്ഠാനുജന്മാർ നല്ല അധ്വാന ശീലരും, നാട്ടിൽ ജനസമതി നേടിയവരും ആയിരുന്നു.

**ഇരുമ്പൻ ബ. തോമസച്ചൻ**

താഴെക്കാട്ടുപറമ്പിൽ കൊച്ചുവറീയതിന്റെയും,മറിയത്തിന്റെയും എട്ടാമത്തെ മകനായി 12.5.1887ൽ ജനിച്ചു. ഉപവാസത്തിന്റെയും, പ്രാർത്ഥനയുടെയും ഫലമായി ജനിച്ച മകനാണ് തോമസ്. മൂത്ത 7 സന്താനങ്ങളുടെയും ചെറുപ്രായത്തിലുള്ള മരണം മൂലം കൊച്ചുവറീയ്ത് മറിയം ദമ്പതിമാർ തോമസിനെ വലിയ അദ്ധ്യാത്മിക ചൈതന്യത്തിലാണ് വളർത്തികൊണ്ടുവന്നത്. വിദ്യാഭ്യാസത്തിനുശേഷം സെമിനാരിയിൽ ചേർന്നു. 21.2.1915 ൽ ഗുരുപട്ടം സ്വീകരിച്ചു. പരിയാരം കണ്ടശ്ശാംകടവ്, മാള, താണിസ്ശേരി, പേരാമ്പ്ര വടക്കാംഞ്ചേരി, കാരൂർ, കല്ലേറ്റുംകര, ആളൂർ, താഴേക്കാട്ട്, പറപ്പൂക്കര, വിളയനാട്, പൊയ്യ എന്നീ പള്ളികളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.



താഴേക്കാട്ടുപറമ്പിലെ പിൻതലമുറക്കാർക്ക് ഉന്നത വിദ്യാഭ്യാസം നൽകുന്നതിനു വേണ്ട ദിശാബോധം നൽകിയത് ബ. ഫാ. തോമസച്ചനാണ്.

ആത്മീയ കാര്യങ്ങളിലെന്ന പോലെ തന്നെ സേവനം അനുഷ്ഠിച്ചിട്ടുള്ള പള്ളികളുടെ സാമ്പത്തിക ഭദ്രത ഉറപ്പു വരുത്തുന്ന കാര്യങ്ങളിലും അദ്ദേഹം വലിയ ശ്രദ്ധാലുവായിരുന്നു. ഒരു കാർഷിക കുടുംബത്തിൽ പിറന്ന ആദ്ദേഹം ഭൂപ്രദേശങ്ങൾക്ക് അനുയോജ്യമായ വിളകൾ തെരഞ്ഞെടുത്ത് കൃഷിചെയ്തു. മാതൃകാപരമായ പരിണാമങ്ങൾക്ക് തുടക്കം കുറിച്ചു. പള്ളിക്ക് അവകാശപ്പെട്ട സ്ഥലം അന്യാധീനപ്പെട്ടു പോകാതിരിക്കാനും വളരെ പരിശ്രമിച്ചിട്ടുണ്ട്.

തിരുകുടുംബ മഠക്കാർക്ക് പൂവ്വത്തുശ്ശേരിയിൽ പാലൂപ്പാടത്ത് മഞ്ഞക്കേരി എന്ന കൃഷിയിടത്തിൽ ഒരേക്കർ ഭൂമി ഇഷ്ടദാനമായി നൽകിയിട്ടുണ്ട്.

പൂവ്വത്തുശ്ശേരിയിലെ ജനങ്ങളുടെ ആരോഗ്യ സംരക്ഷണ രംഗത്തും അദ്ദേഹം ശ്രദ്ധാലുവായിരുന്നു. ഗവർണ്മേന്റ് ഉടമസ്ഥതയിൽ ഒരു ഹെൽത്ത് സെന്റർ സ്ഥാപിക്കുവാൻ 25 സെൻറ് സ്ഥലം സർക്കാരി

ലേയ്ക്ക് നൽകി. ഹെൽത്ത് സെന്ററിൽ ഒരു സ്ഥിരം ഡോക്ടറെ നിയമിക്കാമെന്ന വ്യവസ്ഥയിലാണ് സ്ഥലം നൽകിയതെങ്കിലും കാലാകാലങ്ങളിൽ മാറിമാറിവന്ന ഗവൺമെന്റുകളും, ജനപ്രതിനിധികളും ഈ കാര്യത്തിൽ വീഴ്ച്ചവരുത്തിയതുകൊണ്ട് പ്രസ്തുത പദ്ധതി ഇന്നും പൂർത്തീകരിക്കപ്പെടാതെ കിടക്കുകയാണ്.

ആളൂർ പള്ളി വികാരിയായിരിക്കുമ്പോഴാണ് അവിടുത്തെ കന്യാസ്ത്രി മഠത്തിലുള്ള ഗ്രോട്ടോ സ്വന്തം ചെലവിൽ അദ്ദേഹം നിർമ്മിച്ചുകൊടുത്തത്. ആളൂർ ബി.എൽ.എം. ലെ ആദ്യകാല മരാമത്തുപണികളുടെ ചുമതല ആലപ്പാട്ടു പിതാവ് ബ. തോമസ് അച്ചനെയാണ് ഏൽപിച്ചിരുന്നത്. ഏകദേശം 8 കൊല്ലത്തോളം അച്ചൻ ഈ പ്രവൃത്തികൾക്ക് നേതൃത്വം നൽകി.

വാർദ്ധക്യസഹചമായ അസുഖം മൂലം 1954ൽ പ്രവർത്തന മണ്ഡലത്തിൽ നിന്നും വിരമിച്ച് പൂവ്വത്തുശ്ശേരിയിലുള്ള തന്റെ ഭവനത്തിൽ താമസമാക്കി. 28.10.1957ൽ അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. മൃതദേഹം പൂവ്വത്തുശ്ശേരി പള്ളിയിൽ സംസ്കരിച്ചു. 1986 ൽ പള്ളി പുതുക്ക പണിതപ്പോൾ സിമിസ്ത്തേരിയിലുള്ള കപ്പേളയിലേക്ക് മറ്റുവൈദീകരുടെ കല്ലറയ്ക്കൊപ്പം മാറ്റി സംസ്കരിച്ചു.

**കൊച്ചുവറീത് ഐപ്പും സന്തതിപരമ്പരകളും**

ഐപ്പിന്റെ ആദ്യ ഭാര്യ കുമ്പിടിയിൽ കണ്ണമ്പിള്ളി ഔസേഫിന്റെ മകൾ ആയിരുന്നു. ആദ്യ ഭാര്യയുടെ നിര്യാണത്തെ തുടർന്ന് പൊയ്യയിൽ പഞ്ഞിക്കാരൻ വറീയ്ത് അന്നയെ വിവാഹം ചെയ്തു. അദ്ദേഹത്തിന് മൂന്ന് പെൺമക്കളും അഞ്ച് ആൺമക്കളും ഉണ്ടായി. പൂവ്വത്തുശ്ശേരിയിലെ കഴിഞ്ഞ നൂറ്റാണ്ടിലെ ആദ്യ പകുതിയിൽ ഈ പ്രദേശത്തെ മുഴുവൻ ജനങ്ങളുടെയും സ്നേഹ ബഹുമാനങ്ങൾക്ക് പാത്രീഭൂതരായിരുന്ന ഒരു മാതൃവ്യക്തിയും, ഉത്തമ കർഷകനുമായിരുന്നു ഐപ്പ്. ലിഫ്റ്റ് ഇറിഗേഷനോ, മറ്റ് ജലസേചന സൗകര്യങ്ങളോ ഇല്ലാതിരുന്ന കാലത്ത് പൂവ്വത്തുശ്ശേരിപ്പാടത്ത് നെൽകൃഷിക്കാവശ്യമായ വെള്ളം ചാലക്കുടി ആറിൽ നിന്നും ആലുവ തോടുവഴി പലയിടങ്ങളിൽ ചക്രങ്ങൾ സ്ഥാപിച്ച് നാട്ടുകാരുടെ കൂട്ടായ പ്രവർത്തനം വഴി ഐപ്പിന്റെയും, അനുജൻ മാത്തുവിന്റെയും നേതൃത്വത്തിൽ എല്ലാ കൃഷിക്കാരുടെയും കൃഷിയിടങ്ങളിൽ ജലസേചനം നടത്തിയിരുന്നു. ഐപ്പ് 17.8.1889ൽ ജനിച്ച് 16.1.1949ൽ നിര്യാതനായി. ‘‘ഐപ്പ് മെമ്മോറിയൽ എവറോളിംഗ് ട്രോഫി’’ അദ്ദേഹത്തിന്റെ ഓർമ്മയ്ക്കായി 1970 മുതൽ പൂവ്വത്തുശ്ശേരി പള്ളിയങ്കണത്തിൽ വച്ച് വൈ.എം.എ. ക്ലബ്ബ് നടത്തിവരുന്ന വോളിബോൾ ടൂർണ്ണമെന്റാണ്. ഐപ്പിന്റെ ഭാര്യ അന്നം 19.9.1890ൽ ജനിച്ച് 19.5.1982ൽ നിര്യാതയായി.



ഐപ്പ് - അന്നം

**കുഞ്ഞാറമ്മ**

ഐപ്പ്, അന്നം ദമ്പതികൾക്ക് മൂന്ന് പെണ്മക്കളും, അഞ്ച് ആൺമക്കളും ജനിച്ചു വെന്ന് നേരത്തേ സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഇതിൽ മൂത്തമകൾ കുഞ്ഞാറമ്മയെ കുഴുപ്പിള്ളിയൻ മാളിയേക്കൽ അഗസ്തി മകൻ ചാക്കു 18.1.1925 ൽ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് അഗസ്റ്റിൻ (ആത്തപ്പൻ) എന്ന മകനും, അന്നു, മേരി, ബ്രിജീത്ത എന്ന് മൂന്നുപെൺമക്കളും ഉണ്ടായി. ചാക്കു 7.8.1903 ൽ ജനിച്ച് 15.11.1957 ൽ നിര്യാതനായി. കുഞ്ഞാറമ്മ 27.6.1908ൽ ജനിച്ച് 8.8.1997ൽ നിര്യാതയായി. മകൻ അഗസ്റ്റിൻ 3.10.1928 ൽ ജനിച്ച് 8.2.2011 ൽ മരിച്ചു. പെണ്മക്കളിൽ അന്നുവും, മേരിയും, ബ്രിജീത്തയും നിര്യാതരായി.



ചാക്കു കുഞ്ഞുമറിയം

**സി. ഫബിയോള (ബ്രിജീത്ത)**

ഐപ്പ് അന്നം ദമ്പതിമാരുടെ രണ്ടാമത്തെ മകൾ ബ്രിജീത്ത 24.4.1912ൽ ജനിച്ചു .15.5.1930ൽ തിരുകുടുംബ മഠത്തിൽചേർന്ന് സി. ഫബിയോള എന്ന പേരു സ്വീകരിച്ചു. 4.5.1936ൽ വ്രതവാഗ്ദാനം നടന്നു.കുഴിക്കാട്ടുശ്ശേരി, തുമ്പൂർ, കൊടകര, മുക്കാട്ടുകര, തൃശ്ശൂർ, അമ്പഴക്കാട്, പൂവ്വത്തുശ്ശേരി, ആളൂർ, അവിട്ടത്തൂർ, കല്ലേറ്റുംകര, കൊച്ചി എന്നീ മഠങ്ങളിൽ സേവനം ചെയ്തിട്ടുണ്ട്. ജൂനിയയർ മിസ്ട്രസ്, ഫീൽഡ് സൂപ്പർവൈസർ, അസിസ്റ്റ് സുപ്പീരിയർ, മദർ സുപ്പീരിയർ എന്നീ തലങ്ങളിൽ ബ. സഹോദരി സേവനമനുഷ്ടിച്ചു. 2.8.2003ൽ നിര്യാതയായി. കുഴിക്കാട്ടുശ്ശേരി മറിയം ത്രേസ്യ പള്ളി കപ്പേള സിമിത്തേരിയിൽ അടക്കംചെയ്തു.



സി. ഫബിയോള

**സിസ്റ്റർ ഔസേബിയ (റോസമ്മ)**

ഐപ്പ് അന്നം ദമ്പതിമാരുടെ മൂന്നാമത്തെ മകളായ റോസമ്മ 23.2.1916ൽ ജനിച്ചു. 19.5.1932 തിരുകുടുംബ മഠത്തിൽ ചേർന്നു.3.5.1934ൽ വ്രതവാക്തദാനം നടന്നു.തൃശ്ശൂർ കുഴിക്കാട്ടുശ്ശേരി, പുത്തൻചിറ,മുക്കാട്ടുകര , അരണാട്ടുകര, ചേറൂർ, തലോർ, പൂവ്വത്തുശ്ശേരി, ബാംഗ്ലൂർ, പരിയാരം വടക്കുംഞ്ചേരി ഒലവക്കോട്, ചിറ്റൂർ ആലത്തൂർ മേരി ലാന്റ്, മൈലംമ്പിള്ളി എന്നീ സ്ഥലങ്ങളിൽ സേവനം ചെയ്തിട്ടുണ്ട്. സുപ്പീരിയർ, അസിസ്റ്റന്റ് സുപ്പീരിയർ, നോവിഷ്യേറ്റ് മിസ്ട്രസ്, ബോർഡിംഗ് മിസ്ട്രസ്, ഫീൽഡ് സൂപ്പർ വൈസർ എന്നീ സ്ഥാനങ്ങൾ പ്രശംസനീയമാംവണ്ണം കൈകാര്യം ചെയ്തിട്ടുണ്ട്. ഏറെ പ്രാർത്ഥനാ ചൈതന്യത്തിൽ നിറഞ്ഞു നിന്ന് ഈ സഹോദരി ചിറ്റൂരിൽ വച്ച് നിര്യതയായി. അവിടുത്തെ ചാപ്പലിനു സമീപമുള്ള കല്ലറയിൽ അടക്കം ചെയ്തു.



സിസ്റ്റർ ഔസേബിയ

**മൂത്തമകൻ ഐപ്പ്, കൊച്ചുവറീയ്തും സന്തതി പരമ്പരയും**

പിതാവായ ഐപ്പിന്റെ നിര്യാണത്തെ തുടർന്ന് അനുജൻമാരെയും കൃഷികാര്യങ്ങളിൽ കൈപ്പിടിച്ച് നടത്തിയുത് കൊച്ചുവറീയ്ത് ആയിരുന്നു. പൂവ്വത്തുശ്ശേരി ദേശത്തെ വിമോചന സമരമടക്കം പലപ്രവർത്ത നങ്ങൾക്കും നേതൃത്വം നൽകിയിരുന്നത് ഇദ്ദേഹമായിരുന്നു. നാടക സംവിധാനം തുടങ്ങി ഒട്ടനവധി കലാ രംഗങ്ങളിലും വ്യക്തിമുദ്ര പതിപ്പിച്ചയാളാണ്. പി.ഡബ്ലി.യു. ഡി. കോൺട്രാക്ടർ ആയിരുന്ന കാലത്ത് കൂഴൂർ ചിറപണികഴിപ്പിച്ചത്. കൊച്ചുവറീയ്ത് കാരാംഞ്ചിറ ആലപ്പാട്ട് ലോനപ്പൻ മകൾ റോസിയെയാണ് വിവാഹം ചെയ്തത്. അദ്ദേഹത്തിന് ആറ് പെൺമക്കളും, നാല് ആൺമക്കളുമാണ് ഉള്ളത്. കൊച്ചുവറീയ്ത് 5.12.1919 ൽ ജനിച്ച് 4.1.2011ൽ മരിച്ചു. റോസി ജനനം 13.12.1923 മരണം 18.5.2011. ഇരുവരുടെയും മൃതദേഹങ്ങൾ പൂവ്വത്തുശ്ശേരി പള്ളി സിമിസ്തേരിയിൽ കുടുംബ കല്ലറയിൽ അടക്കം ചെയ്തു.



കൊച്ചുവറീയ്ത് റോസി

**ഡീന**

കൊച്ചുവറീത് റോസി ദമ്പതിമാരുടെ മൂത്ത മകളായ ഡീനയെ കോതമംഗലത്തു പീച്ചാട്ട് ദേവസിക്കുട്ടി വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് നാല് പെൺമക്കൾ ജനിച്ചു. മൂത്തമകൾ ടെസ്മോളെ ആലപ്പുഴയിൽ എട്ടുപറയിൽ തോമസ് മകൻ ജോജി (ഫോട്ടോമാൻ) രണ്ടാമത്തെ മകൾ റോസ് മോളെ ഭരണങ്ങാനം മോനാംപറമ്പിൽ സണ്ണിയച്ചൻ (പ്ലാന്റർ) ഉം, മൂന്നാമത്തെ മകൾ സലോമിയെ തോപ്പിൽ കോടംകണ്ടത്ത് ദേവസ്സി മകൻ ഡോ. ജോയിയും നാലാമത്തെ മകൾ സ്വപ്നയെ ഭരണങ്ങാനം തകടിയിൽ ആന്റണി മകൻ ബോബിയും (കാത്തലിക് സിറിയൻ ബാങ്ക് ചീഫ് മാനേജർ) വിവാഹം ചെയ്തു. ഡീന 2.04.2018 ൽ നിര്യാതയായി.



ദേവസിക്കുട്ടി ഡീന കുടുംബം

**മേഴ്സി**

കൊച്ചുവറീത് റോസി ദമ്പതിമാരുടെ രണ്ടാമത്തെ മകളായ .മേഴ്സിയെ മഞ്ഞപ്ര കൊള്ളാട്ടുകുടി ബേബി വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ജോമോൻ, ജോജി എന്നീ രണ്ട് ആൺമക്കളും, ജിഷ, ജീമ എന്നീ രണ്ട് പെൺമക്കളും ജനിച്ചു. ജോമോൻ എരിഞ്ചേരി തോമസ് മകൾ പ്രീതയേയും, ജോജി എറണാകുളം തായങ്കിരി പൗലോസ് മകൾ റാണിയേയും വിവാഹം ചെയ്തു. പെൺമക്കളിൽ ജിഷ മാഞ്ഞൂരാൻ ജോയ് മകൻ അരുണിനേയും, ജീമ പാലാരിവട്ടം ജോയ് കുരുവിള മകൻ ഉമേഷിനെ വിവാഹം കഴിച്ചു.



ബേബി മേഴ്സി കുടുംബം

**ഐപ്പച്ചൻ**

കൊച്ചുവറീത് റോസി ദമ്പതിമാരുടെ മൂത്ത മകനായ ഐപ്പച്ചൻ കാറ്ററിംഗ് മാനേജ്മെന്റ് പാസായി ദീർഘ കാലം സൗദിഅറേബ്യയിൽ അൽമാന ഹോസ്പിറ്റലിൽ മാനേജറായി പ്രവർത്തിച്ചു. ഇപ്പോൾ ജോലിയിൽ നിന്നും വിരമിച്ച് പൂവ്വത്തുശ്ശേരിയിൽ സ്ഥിരതാമസമാക്കി. ഐപ്പച്ചൻ കോതമംഗലത്ത് ഒലിയപ്പുറം കുടുംബത്തിലെ സെബാസ്റ്റ്യൻ മകൾ റൂബിയെയാണ് വിവാഹം ചെയ്തിരുന്നത്. മക്കൾ സൗമ്യ, രമ്യ, നവ്യ.



ഐപ്പച്ചനും കുടുംബവും

**സൗമ്യ** : സൗമ്യ ബി. എ. പാസ്സായ ശേഷം കമ്പ്യൂട്ടർ കോഴ്സും പൂർത്തിയാക്കിയിട്ടുണ്ട്. ആലുവായിൽ ചിറയ്ക്കൽ മണവാളൻ വിനു ജോസ് ബി. ടെക്. വിവാഹം ചെയ്തു. വിനുജോസ് ഫെഡറൽ ബാങ്കിൽ നിന്നും വൈസ് പ്രസിഡന്റ് ആയി റിട്ടയർ ചെയ്തു. മക്കൾ : മരിയ, ജോസഫ്, റെയ്ച്ചൽ.

**രമ്യ** : രമ്യ ബി.എസ്.സി. ഫിസിയോതെറാപ്പി പഠിച്ചു. ആലുവായിൽ വിതയത്തിൽ ഐസക്ക് മകൻ ബിജോയ് ബി.ടെക്. വിവാഹം ചെയ്തു. ബിജോയ് എഞ്ചിനിയറായി ജോലി നോക്കുന്നു. മക്കൾ: ക്രിസ്റ്റൻ, ജൂഡിറ്റ്

മൂന്നാമത്തെ മകൾ നവ്യ എം. എ. ബിഎഡ്. പാസായി. ഉദയംപേരൂർ കൊട്ടൂർ ജോർജ്ജുകുട്ടി മകൻ അരുൺ വിവാഹം ചെയ്തു. അരുൺ പെപ്സി. കോ.(കോഴിക്കോട് ) കമ്പനിയിൽ ജോലി ചെയ്യുന്നു. ഇവർക്ക് മൂന്ന് മക്കൾ:- കാതറിൻ,ജോർജ്,ജോസഫ്

**ടെസ്സി**

കൊച്ചുവറീത് റോസി ദമ്പതിമാരുടെ മൂന്നാമത്തെ മകളായ ടെസ്സിയെ ആനപ്പാറ മംഗലി പോൾ വിവാഹം ചെയ്തു. അധ്യാപകരായിരുന്ന *ഇരു* പേരും ജോലിയിൽ നിന്നും വിരമിച്ചു. ഈ ദമ്പതികൾക്ക് ഒരു മകനും മൂന്ന് പെൺമക്കളുമുണ്ടായി. മൂത്തമകൾ സ്മിതയെ കാഞ്ഞൂർ പാറക്ക പോൾ മകൻ ബാബുവും രണ്ടാമത്തെ മകൾ പ്രീതയെ ഒല്ലൂർ കാട്ടൂക്കാരൻ ആന്റോ മകൻ ജിക്സണും മൂന്നാമത്തെ മകൾ ദീപയെ വേലൂക്കാരൻ ബെന്നി മകൻ ബിജുവും , മകൻ ജോജു പൊയ്യയിൽ അമ്പൂക്കൻ അഞ്ജുവിനെയും വിവാഹം ചെയ്തു.

**ജോബി**

കൊച്ചുവറീത് റോസി ദമ്പതിമാരുടെ രണ്ടാമത്തെ മകനായ ജോബി ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ ബി.എ.യ്ക്ക് പഠിക്കുമ്പോൾ കോളേജ് യൂണിയൻ ചെയർമാൻ ആയിരുന്നു.വിദ്യാഭ്യാസത്തിനു ശേഷം കുറച്ചു കാലം സൗദി അറേബ്യയിൽ ജോലി നോക്കി. നാട്ടിൽ തിരിച്ചുവന്ന് ബിസിനസ് രംഗത്തേക്ക് വന്നു. കൂടാതെ നാട്ടിലെ ഒട്ടനവധി സാമൂഹ്യ സാംസ്ക്കാരിക രംഗങ്ങളിൽ സജീവമായി പ്രവർത്തിക്കുന്നു. പൂവ്വത്തുശ്ശേരിയിലെ വ്യാപാരി വ്യവസായി സംഘടനയുടെ പ്രസിഡന്റായി പലപ്രാവശ്യം തെരഞ്ഞെടുക്കപ്പെ ട്ടിട്ടുണ്ട്. പൂവ്വത്തുശ്ശേരിയിലെ വൈ.എം.സി. എ യുടെ പ്രസിഡന്റായും സേവനമനുഷ്ഠിച്ചു. ഭാര്യ കൊറ്റമത്ത് കുന്നത്തോട്ടത്തിൽ ജോസഫ് മകൾ ഷീല (ബി. എ.) ആണ്. മക്കൾ: ജോർജ്ജ്, ജോസഫ്.



***ജോർജ് MCA***

ജോർജ് MCA ബിരുദം നേടിയശേഷം തിരുവനന്തപുരത്ത് സോഫ്റ്റ്‌വെയർ എൻജിനീയർ ആയി ജോലി ചെയ്യുന്നു. തിരുവനന്തപുരം ഐത്തിച്ചാലിൽ പ്രൊഫസർ ജോസഫിന്റെ മകൾ അതീന ജിനുവിനെ വിവാഹം ചെയ്തു. അതീന തിരുവന്തപുരം RCC യിൽ ജോലി ചെയുന്നു. മകൾ ആൻജോർജ് UKG യിൽ പഠിക്കുന്നു.



**ജോസഫ്**

ജോസഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെൻറ് പാസായ ശേഷം അബുദാബിയിൽ ജോലിയിലാണ്.തൊടുപുഴ ബേബിയുടെ മകൾ മരിയറാണിയെ വിവാഹം ചെയ്തു ഈ ദമ്പതികൾക്കു രണ്ട് ആൺമക്കൾ:- ലൂക്കാസ്ജോസഫ്, ലേവി ജോസഫ്.



സെലി

കൊച്ചുവറീത് റോസി ദമ്പതിമാരുടെ നാലാമത്തെ മകളായ സെലിയെ കോളേജ് വിദ്യാഭ്യാസത്തിനുശേഷം മണ്ണുത്തി കണ്ണമ്പുഴ ഈനാശു മകൻ വർഗ്ഗീസ് ഐ.എഫ്.എസ്. ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ നിന്നും ഡെ. കൺസർവേറ്ററായി വിരമിച്ചു. വർഗ്ഗീസ് - സെലി ദമ്പതികൾക്ക് മിറ്റ്സി, അഞ്ജു, മകൻ ഇഗ്നസ് എന്നീ മൂന്നുമക്കൾ. മിറ്റ്സിയെ ആലപ്പുഴ കണിയാംപറമ്പിൽ ജോജിയും, അഞ്ജുവിനെ മാമ്പിള്ളി ടോമി പോളും വിവാഹം ചെയ്തു. ഇഗ്നസ് നെടുമ്പറമ്പിൽ ആന്റണി മകൾ ഷാനിയെ വിവാഹം ചെയ്തു. ഇഗ്നസ് തിരുവനന്തപുരം ടെക്നോ പാർക്കിൽ ഉള്ള ഐ.ടി കമ്പനിയിൽ ജോലി ചെയ്യുന്നു.



**സാജു (തോമസ്) B.A,CAIIB**

കൊച്ചുവറീത് റോസി ദമ്പതിമാരുടെ മൂന്നാമത്തെ മകനായ സാജു. പറപ്പൂർ കുണ്ടുകുളം ജോസഫ് മകൻ ബീന (ബി.എസ്.സി) വിവാഹം ചെയ്തു. സാജു സൗത്ത് ഇന്ത്യൻ ബാങ്കിൽ നിന്നും മാനേജരായി റിട്ടയർ ചെയ്തു.

എം.കോം പാസ്സായ മൂത്തമകൾ റോസ്മോളെ വൈന്തല കണിച്ചായി ഇട്ടീര മകൻ **സ്കറിയ** വിവാഹം ചെയ്തു.സ്കറിയകുവൈറ്റിൽ കുടുംബസമേതംതാമസിക്കുന്നു.ഇവർക്ക് സെബാസ്റ്റൻഎന്ന ഒരുമകനുണ്ട്. രണ്ടാമത്തെ മകൾ എൽസ എം.എസ്. ഇലക്ട്രോണിക്സ് പാസായ ശേഷം വിപ്രോയിൽ ചേർന്നു. എത്സയെ ഐരൂർ ചിറയ്ക്കൽ മണവാളൻ ജോസ് മകൻ സുജിത്താണ് വിവാഹം ചെയ്തിരിക്കുന്നത്. CTS ൽ എഞ്ചിനയറാണ്. ഇവർക്ക് ജെഫ് എന്നും ജോവാൻ എന്നും രണ്ടു മക്കൾ ജനിച്ചു.



ഉഷ BA

കൊച്ചുവറീത് റോസി ദമ്പതിമാരുടെ അഞ്ചാമത്തെ മകളായ ഉഷയെ ആളൂർ അരിക്കാട് ഡോ. ജേക്കബ്ബ് പോളാണ് വിവാഹം ചെയ്തത്. ഉഷ ബി. എ. പാസായിട്ടുണ്ട്. 1993 ജൂലൈ 14-ാം തിയ്യതി അകാല ചരമം പ്രാപിച്ചു. ഡോ. ജേക്കബ്ബ് ഉഷ ദമ്പതികൾക്ക് ഒരു മകളും, ഒരുമകനും ഉണ്ടായി. മകൾ രശ്മിയെ ആലൂക്ക ഡോ. ജോസ് മകൻ ഡോ. ജൂമിൻ MD. വിവാഹം ചെയ്തു. മകൻ ഡോ. കിരൺ MD അക്കരപ്പറ്റി ബോബൻ മകൾ ഡോ. റോഷ്മ MBBS. വിവാഹം ചെയ്തു.



**ഡെന്നി . B.sc.**

കൊച്ചുവറീതിന്റയും റോസിയുടെയും നാലാമത്തെ മകനായ ഡെന്നി സൗത്ത് ഇന്ത്യൻ ബാങ്കിൽ നിന്നും റിട്ടയർ ചെയ്ത് പൂവത്തുശ്ശേരിയിൽ തന്നെ വിശ്രമ ജീവിതം നയിക്കുന്നു.വൈന്തല പാനികുളം ജെയിംസിന്റെ മകൾ റീമയാണ് ഡെന്നിയുടെ ഭാര്യ റീമ BSc,B.Ed,MBA പാസ്സായി സെൻറ് .മേരീസ് ഹൈസ്കൂൾ വൈന്തലയിൽ ജോലിയിലാണ്. മക്കൾ ജോജു ,ജേക്കബ്.



**ജോജു ജോർജ് ഡെന്നി**

ഡെന്നിയുടെ മൂത്തമകൻ ജോജു സിവിൽ എഞ്ചിനീയറിംഗ് പാസ്സായി ചെന്നൈയിൽ ജോലി നോക്കുന്നു. തിരുവനന്തപുരം ബാലചന്ദ്രന്റെ മകൾ നീരജയെ (MTECH CIVIL ENG).4.10.2015 ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ദിയാൻ ജോർജ് (DOB 22.03.2019),ജാനവ് ജോർജ ് (DOB 14.10.2020) എന്ന രണ്ട് ആൺമക്കളുണ്ട് .



ജേക്കബ്

ജേക്കബ് B.Tech (Electronics) ബിരുദധാരിയാണ്.

ഷീബ B.sc.

കൊച്ചുവറീത് റോസി ദമ്പതിമാരുടെ ആറാമത്തെ മകളായ ഷീബയെ കാഞ്ഞൂർ പാറക്ക സക്കറിയ മകൻ അപ്രേം (B.A , M.S.W.) വിവാഹം ചെയ്തു. കാലടിയിൽ ഹാർഡ് വെയർ ബിസിനസ് ചെയ്തുവരുന്നു. ഷീബ അപ്രേം ദമ്പതികൾക്ക് ഒരുമകനും രണ്ടു പെൺമക്കളും ഉണ്ട്. മൂത്തമകൻ സ്കറിയാച്ചൻ MBA പാസായി. മകൾ റൈസയെ അയ്യനാട്ടുപാറായിൽ ഡോ. ജോർജ്ജ് തരകൻ മകൻ ജോൺ വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ റോസ്.



അപ്രേം ഷീബ കുടുംബം

**ഐപ്പ് തോമസും സന്തതി പരമ്പരയും**

ഐപ്പ് അന്നം ദമ്പതിമാരുടെ രണ്ടാമത്തെ മകനായ തോമസ് കോളേജ് വിദ്യാഭ്യാസത്തിനു ശേഷം ഇന്ത്യൻ റെയിൽവെയിൽ ജോലിയിൽ പ്രവേശിച്ചു. പിതാവായ ഐപ്പിന്റെ ആഗ്രഹപ്രകാരം പിന്നീട് റെയിൽവെയിൽ നിന്നും രാജിവച്ച് നാട്ടിൽ കൃഷികാര്യങ്ങളിൽ വ്യാപൃതനായി. പാറക്കടവ് പഞ്ചായത്ത് വൈസ് പ്രസിഡന്റ്, പാറക്കടവ് സഹകരണ ബാങ്ക് പ്രസിഡന്റ് എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. അദ്ദേഹം ഒരു സ്വാതന്ത്ര്യസമര സേനാനി കൂടിയായിരുന്നു. പൂവ്വത്തുശ്ശേരിയുടെ വളർച്ചയ്ക്ക് നിർണ്ണായക പങ്കുവഹിച്ച പാറക്കടവ് പാലം തോമസിന്റെ കൂടി എടുത്തുപറയത്തക്ക ശ്രമഫലമായാണ് സാദ്ധ്യമായത്. ഭാര്യ വാപ്പാലശ്ശേരിയിൽ തച്ചിൽ എബ്രഹാം മേമിയാണ്. ഈ ദമ്പതികൾക്ക് ആറ് ആൺമക്കൾ ജനിച്ചു. തോമസ് 7.12.1923 ൽ ജനിച്ചു. തോമസ് 14.06.2005 ലും മേരി 22.08.2016 ലും നിര്യാതരായി



തോമസ് - മേമി

**ഡോ ജോ തോമസ്**

തോമസിന്റെയും മേമിയുടെയും മൂത്ത മകനായ ജോ MD പാസായി സർക്കാർ സർവ്വീസിൽ ചേർന്നു. ഭാര്യ തൃശ്ശൂർ കുന്നത്ത് പോൾ തങ്കമണി ബി.എസ്.സി. മക്കൾ ആൻമേരി ബി.ഡിഎസ്. പാസായി. ചെങ്ങനാശ്ശേരിയിൽ കരിമറ്റത്ത് ഡോ. ജിജോ ജോർജ്ജ് MD വിവാഹം ചെയ്തു. മകൻ ആനന്ദ് റഷ്യയിൽ മെഡിസിനു പഠിച്ചശേഷം ഇപ്പോൾ ഓസ്ട്രേലിയായിൽ ജോലിനോക്കുന്നു. ഭാര്യ, പാല പ്ലാത്തോട്ടം ജോയ് മകൾ ചിത്ര. ഗവൺമെന്റ് ജോലിയിൽ നിന്നും വിരമിച്ച ഡോ. ജോ ഇരിങ്ങാലക്കുടയിൽ സ്ഥിരതാമസമാക്കി.



Dr. ജോ തോമസും കുടുംബവും

**എബി. BA**

തോമസിന്റെയും മേമിയുടെയും രണ്ടാമത്തെ മകനായ എബി വിദ്യാഭാസത്തിനു ശേഷം പൂവ്വത്തുശ്ശേരിയിൽ പ്രിയ ടാക്കിസ് എന്ന പേരിൽ ഒരു സിനിമാ തിയ്യേറ്റർ നടത്തിയിരുന്നു. വാഴക്കുളത്ത് നമ്പ്യാപറമ്പിൽ തോമസ് പൗളിയാണ് ഭാര്യ. മക്കൾ തോമസ്, വീണ. തോമസ് വാണിയംപാറ തലച്ചിറ ജോർജ്ജ് മകൾ ജാനറ്റിനെയാണ് വിവാഹം ചെയ്തിരിക്കുന്നത്. മകൾ വീണ വഴിത്തല പൈനാട്ട് ഇമ്മാനവൽ മകൻ ജോബിയെ വിവാഹം ചെയ്തു. മികച്ച വോളിബോൾ താരംകൂടിയായ എബി വാഴക്കുളത്ത് താമസമാക്കി. അവിടുത്തെ ഒരുവ്യവസായ പ്രമുഖൻ കൂടിയായ. എബി 17.04.2015 ൽ നിര്യാതനായി



**ടോണി B.Com**

തോമസിന്റെയും മേമിയുടെയും മൂന്നാമത്തെ മകനായ ടോണി നല്ലൊരു വോളിബോൾ കളിക്കാരനും ജില്ല സ്കൂൾ തല ടീമുകളുടെ പരിശീലകനും ആയിരുന്നു. അദ്ദേഹം തൃശ്ശൂർ ജില്ല വോളിബോൾ അസോസിയേഷന്റെ വൈസ് പ്രസിഡന്റ്, തൃശ്ശൂർ ജില്ലാ ബീച്ച് വോളി അസോസിയേഷൻ ചെയർമാൻ, സ്റ്റേറ്റ് റഫറീസ് ബോർഡ് ചെയർമാൻ എന്ന സ്ഥാനങ്ങൾ വഹിച്ചിരുന്നു. ഭാര്യ പാലയൂർ പൊറിഞ്ചുമകൾ ഉഷ. ഇവർക്കു മൂന്നു പെണ്മക്കൾ ജനിച്ചു. മൂത്ത മകളായ.പേളി MSc( Medical Bio-Chemistry) പാസ്സായി. കറുകുറ്റി പാലാട്ടി ചെറിയ മകൻ ജോമോനാണ് വിവാഹം ചെയ്തിരിക്കുന്നത്. മക്കൾ : അരുൺ, ആരിസ്. പേളി

1.1.2019 ൽ നിര്യാതയായി.ടോണി- ഉഷ ദമ്പതികളുടെ രണ്ടാമത്തെ മകളായ ടിങ്കിയെ (MBA). തിരുവനന്ത പുരത്ത് വടക്കും മേലേതിൽ ജോർജ്ജ് മകൻ ഷെറി ബി.ടെക്. വിവാഹം ചെയ്തു. യു. കെ.യിൽ ജോലി ചെയ്യുന്നു. ടോണി- ഉഷ ദമ്പതികളുടെ മൂന്നാമത്തെ മകളായ പിങ്കിയെ (BA). ചിറയത്ത് രാജു മകൻ ദീപക് (ബിസിനസ്) വിവാഹം ചെയ്തു. ടോണി 18.10.2022 ൽ നിര്യാതനായി,



ടോണിയും കുടുംബവും

**അഡ്വ. സൈമൺ B.Sc. D.S.S. LLB, Notary Public**

തോമസ് മേമി ദമ്പതികളുടെ നാലാമത്തെ മകനായ സൈമൺ അഡ്വക്കേറ്റായി ജോലിചെയ്യുന്നു. ഭാര്യ എറണാകുളത്ത് റൊസാരിയോ മകൾ ഷേർളി, മൂത്തമകൻ കെന്നി (മുന്ന) ബി.എസ്. സി. ഫിസിയോതെറാപ്പി പാസായി. മലയാളം, തമിഴ്, തെലുങ്ക് സിനിമാ രംഗങ്ങളിൽ നായക റോളുകളിൽ അഭിനയിക്കുകയും, തന്റേതായ വ്യക്തിമുദ്ര പതിപ്പിക്കുകയും ചെയ്തു. മുന്ന ഇപ്പോൾതന്നെ പതിനഞ്ചിലേറെ ചിത്രങ്ങളിൽ അഭിനയിച്ചുകഴിഞ്ഞു. പുതിയ പുതിയ ചിത്രങ്ങളിൽ അഭിനയിച്ചുകൊണ്ടിരിക്കുന്നു. രാവൺ, ഗൗരീശങ്കരം, മുഹബ്ബത്ത്, കില്ലാടിരാമൻ, ബാങ്കിംഗ് ഹവേഴ്സ് മുതലായവ മുന്ന അഭിനയിച്ച ചിത്രങ്ങളാണ്. ഭാര്യ തൃശ്ശൂർ നെല്ലിക്കുന്ന കൈപ്പറമ്പൻ ബേബി മകൾ ബെറ്റി (ബി. എസ്.സി.) ഇവർക്കൊരു പെൺകുഞ്ഞുണ്ട്. രണ്ടാമത്തെ മകൻ ഡൊമനിക് എം.എസ്.സി. വിഷ്വൽ കമ്മ്യൂണിക്കേഷൻ കോഴ്സ് പാസായി. ഡൊമിനിക് 20.05.2013 ൽ അകാലചരമം പ്രാപിച്ചു.



സൈമണും കുടുംബവും

**ജോർജ്ജ് ബി.എസ്.സി., എം.എ., എൽ.എൽ.ബി.**

തോമസ്- മേമി ദമ്പതികളുടെ അഞ്ചാമത്തെ മകനായ ജോർജ് ഫെഡറൽ ബാങ്കിൽ നിന്നും റിട്ടയർ ചെയ്ത് പൂവത്തുശ്ശേരിയിൽ താമസിക്കുന്നു. ഭാര്യ തൊയ്ക്കാവ് വടക്കൻ കുടുംബത്തിൽ ജോസഫ് മകൾ മേഴ്സി. എം.എ., പി.എച്ച്.ഡി. ഗവൺമെന്റ് കോളേജ് പ്രൊഫസറായി ജോലിയിൽനിന്നും വിരമിച്ചു. മക്കൾ: തോമസ് ഫ്രെഡി, എഡ്വിൻ ജോർജ്ജ്, മെൽവിൻ ജോർജ്ജ്.



**തോമസ് ഫ്രെഡി**

ജോർജ്-മേഴ്സി ദമ്പതികളുടെ മൂത്ത മകനായ തോമസ് ഫ്രഡ്ഡി IBM ൽ ജോലി ചെയ്യുന്നു.ഫ്രഡ്ഡി കുത്തിയതോട് തച്ചിൽ തോമസ് മകൾ ഡോ.അഞ്ജുവിനെ വിവാഹം ചെയ്തു. MDS ബിരുദദാരിയായ അഞ്ജു കോതമംഗലം മാർ ബസേലിയോസ് കോളേജിൽ ജോലി ചെയ്യുന്നു

ഇവർക്ക് രണ്ടു മക്കൾ: അന്ന മേരി തോമസ് (DOB 26.09.2012), ജോർജ് തോമസ് (DOB 30.12.2009)



**ഡോ. എഡ്വിൻ ജോർജ് (MBBS.MD)**

ജോർജ്-മേഴ്സി ദമ്പതികളുടെ *cïmas‾* മകൻ ഡോ. എഡ്വിൻ തൃശ്ശൂർ അമല മെഡിക്കൽ കോളേജിൽ അസോസിയേറ്റ് പ്രൊഫസറായി ജോലി ചെയ്യുന്നു. ഭാര്യ ഡോ. ധന്യ (കാക്കശ്ശേരി ജോൺസെന്റ് മകൾ) തൃശൂർ വിമല കോളേജിൽ അസി.പ്രൊഫസർ ആയി ജോലിചെയ്ന്നു ഈ ദമ്പതികൾക്കു അലൻ ജോർജ് എഡ്വിൻ എന്ന മകനുണ്ട് .



**ഡോ. മെൽവിൻ ജോർജ് (MBBS,DNB)**

ജോർജ്-മേഴ്സി ദമ്പതികളുടെ മൂന്നാമത്തെ മകനായ മെൽവിൻ കോലഞ്ചേരി MOSC മെഡിക്കൽ കോളേജിൽ അസോ. പ്രൊഫസറായി ജോലി ചെയുന്നു. തിരുവല്ല കൊച്ചിയിൽ വർഗീസിന്റെ മകൾ ഡോ: സൂസനെ വിവാഹം ചെയ്തു. DNB ബിരുദം നേടിയ സൂസൻ MOSC മെഡിക്കൽ കോളേജിൽ അസി. പ്രൊഫസറായി ജോലി ചെയുന്നു ഇവർക്ക് രണ്ട് മക്കൾ:- ഐറിൻ മേരി മെൽവിൻ (DOB 23.11.2013), സെലിൻ ജെസ്സ് മെൽവിൻ (DOB 26.03.2016).



**മാത്യു തോമസ്. MA**

തോമസ്-മേമി ദമ്പതികളുടെ ആറാമത്തെ മകനായ മാത്യു കാത്തലിക് സിറിയൻ ബാങ്കിൽ നിന്നും സീനിയർ മാനേജരായി റിട്ടയർ ചെയ്തു. ചുങ്കത്ത് ആന്റണി മകൾ മാഗി (B.A.BEd ) ആണ് മാത്യുവിന്റെ ഭാര്യ. മകൾ മിനു ബി.ടെക്. എഞ്ചിനിയറിംഗ് പാസായി നോബിൻ ജോസഫ് എം.സി.എ. കൊമ്പൻ ഹൗസ്, കുട്ടനെല്ലൂർ

വിവാഹം ചെയ്തു. മാത്യൂസ്-മാഗി ദമ്പതികളുടെ മകൻ ജൂഡ് എഞ്ചിനീയറിംഗ് പാസ്സായി സ്വീഡനിൽ ജോലിയിലാണ്.



**ഐപ്പ് ജോസഫും സന്തതി പരമ്പരയും**

ഐപ്പ് അന്നം ദമ്പതിമാരുടെ മൂന്നാമത്തെ മകനായ ജോസഫ് കോളേജ് വിദ്യാഭ്യാസത്തിനു ശേഷം കേരള യൂണിയൻ ബാങ്ക്, മാളയിൽ ജോലിയിൽ പ്രവേശിച്ചു. കേരള യൂണിയൻ ബാങ്ക്, തുടർന്ന് ലോഡ് കൃഷ്ണ ബാങ്ക് ഏറ്റെടുത്തപ്പോൾ അതിന്റെ മാള, കൊരട്ടി , കൊടകര, കോട്ടപ്പുറം, ആലുവ ശാഖകളിലെ മാനേജറായി സേവനമനുഷ്ഠിച്ചു. കായിക രംഗത്ത് നിറഞ്ഞുനിന്ന ഒരു പ്രതിഭയായിരുന്നു ശ്രീ. ജോസഫ്. ജോസഫ് 14.8.1925ൽ ജനിച്ച് 4.2.2002ൽ മരിച്ചു. ഭാര്യ നീറിക്കോട് പൈനാടത്ത് ജോസഫ് മകൾ ബേബി. ജനനം 16.10.1932, മരണം 7.12.2008ൽ. ജോസഫിനേയും ഭാര്യ ബേബിയേയും പൂവ്വത്തുശ്ശേരി പള്ളി സിമിസ്തേരിയിൽ കുടുംബ കല്ലറയിൽ അടക്കം ചെയ്തു. ഈ ദമ്പതികൾക്ക് അഞ്ചു ആൺമക്കളാണ് ഉള്ളത്.




**ബാബു B.Sc.**

ജോസഫ് - ബേബി ദമ്പതിമാരുടെ മൂത്ത മകനായ ബാബു ബോംബെ ഇൻകംടാക്സ് ഡിപ്പാർട്ട്മെന്റിലും, തുടർന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലും ജോലിയിലായിരുന്നുബാബു SBI യിൽ നിന്ന് സ്വയം വിരമിച്ചു കണ്ടംകുളത്തി വൈദ്യശാലയിൽ ജനറൽ മാനേജരായി പ്രവർത്തിച്ചതിനു ശേഷം നാട്ടിൽ വിശ്രമ ജീവിതം നയിക്കുന്നു. ഭാര്യ വത്സ, കുഴൂർ കണ്ടംകുളത്തി പത്രോസ് വൈദ്യൻ മകൾ. ബാബു കാലിക്കറ്റ് യൂണിവേഴ്സിറ്റി ബാസ്ക്കറ്റ് ബോൾ താരവും 1981 ലെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഓൾ ഇന്ത്യ വോളിബോൾ ടീമിൽ അംഗവുമായിരുന്നു. 2002ൽ കേരള സ്റ്റേറ്റ് വെറ്ററൻസ് ചാമ്പ്യൻഷിപ്പിൽ തൃശ്ശൂർ ജില്ലാ ടീമിന്റെ ക്യാപ്റ്റനുമായിരുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കേരള സർക്കിൾ ടീമിനെയും നയിച്ചിട്ടുണ്ട്. ബാംഗ്ലൂരിൽ 2022 ൽ നടന്ന PAN INDIA നാഷണൽ വോളീബോൾ ചാമ്പ്യൻഷിപ്പിൽ കേരളം ടീമിനെ പ്രതിനിധീകരിച്ച് സ്വർണ്ണ മെഡൽ നേടി. ബാബു ഇപ്പോൾ ഇരിമ്പൻ കുടുംബയോഗത്തിൻ്റെ പ്രസിഡന്റ് ആയി പ്രവർത്തിക്കുന്നു. ബാബു വത്സ ദമ്പതികൾക്ക് രണ്ട് ആൺമക്കളാണ് ഉള്ളത്.



## നവീൻ B.Tech

ബാബു വത്സ ദമ്പതിമാരുടെ മൂത്ത മകനായ നവീൻ B.Tech. (ഇലക്ട്രോണിക്സ് & ടെലി കമ്മ്യൂണിക്കേഷൻസ്) ഇപ്പോൾ US ൽ എഞ്ചിനിയറായി ജോലിചെയ്യുന്നു. നവീൻ ശാസ്ത്രീയ സംഗീതവും, വയലിനും അഭ്യസിച്ചിട്ടുണ്ട്. കൂടാതെ നല്ല ഗായകനാണ്. ഭാര്യ കുട്ടനെല്ലൂർ ഹിൽഗാർഡൻസിൽ ബ്രഹ്മകുളം തെക്കത്ത് ജോണി മകൾ മീര.(MBA). ഇവർക്ക് റെയ്സൽ മേരി എന്ന മകളും ജോഹാൻ എന്ന മകനും ജനിച്ചു.



## പീറ്റർ B.E

ബാബു വത്സ ദമ്പതിമാരുടെ രണ്ടാമത്തെ മകനായ പീറ്റർ B.E. കമ്പ്യൂട്ടർ സയൻസ് പാസായി. ടാറ്റ എലക്സിയിൽ - തിരുവനന്തപുരം ഐ.ടി. പാർക്കിൽ ജോലിയിലിരിക്കെ ജപ്പാനിൽ ഓൺസൈറ്റ് ജോലിക്കായി കമ്പനി നിയമിച്ചു. ഇപ്പോൾ വാലിയോ എന്ന കമ്പനിയിൽ –ഹോണ്ടക്ക് വേണ്ടി ജപ്പാനിൽ ജോലിചെയ്യുന്നു. നല്ല ഗിത്താറിസ്റ്റും, വോളിബോൾ കളിക്കാരനുമായ പീറ്റർ കൂടരഞ്ഞി കോലോത്ത് കെ എ ജോസെഫിന്റെ മകൾ ബ്ലെസിയെ B.Tech (Electronic & Telecomunication) ആണ് വിവാഹം ചെയ്തിരിക്കുന്നത്. ബ്ലെസി Tokyo വിൽ വാലിയോ കമ്പനിയിൽ engineer ആയി ജോലി ചെയ്യുന്നു. ഇവർക്ക് രണ്ട് ആൺമക്കൾ: ജോസഫ് (DOB 23.12.2016) , ജോഷ്വ (DOB 6.03.2023).



## തോമസ് ജോസഫ് B.A


ജോസഫ് - ബേബി ദമ്പതിമാരുടെ രണ്ടാമത്തെ മകനായ തോമസ് വിദ്യാഭ്യാസത്തിനു ശേഷം തോമസ് കുറച്ചുകാലം സൗദി അറേബ്യയിൽ ജോലിയിലായിരുന്നു. ഭാര്യ മേരി എം. എ. അമ്പഴക്കാട് മാഞ്ഞൂരാൻ ദേവസ്സി മകൾ. ഇപ്പോൾ രണ്ടുപേരും റോമിൽ ജോലി ചെയ്യുന്നു. തോമസ് റോമിൽ മലയാളികളുടെ സംഘടനായ

അലീക്കിന്റെ പ്രസിഡണ്ടായി ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട് . ഓവർസീസ് ഇന്ത്യൻ കൾച്ചറൽ കോൺഗ്രസ് റോം (OICC) പ്രസിഡന്റ് ആയും പ്രവർത്തിച്ചിരുന്നു. തോമസ് ഇപ്പോൾ സീറോ മലബാർ റോം ഇടവക സെക്രട്ടറി, ഇരിമ്പൻ ട്രസ്റ്റ് റോം പ്രസിഡന്റ് എന്നീ ചുമതലകൾ വഹിക്കുന്നു കൂടാതെ വിവിധ സാമൂഹിക രാഷ്ട്രീയ പ്രസ്ഥാനങ്ങളുമായി ചേർന്നു പ്രവർത്തിക്കുന്നു. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ:- ജീൻ , ഡോൺ.



**Dr. ജീൻ MD**

Dr.ജീൻ (MD) ബാംഗ്ലൂരിൽ എമർജൻസി മെഡിസിൻ വിഭാഗത്തിൽ ജോലി ചെയ്യുന്നു. തൊടുപുഴ വഴിത്തല മുണ്ടക്കൽ വീട്ടിൽ ജോയിയുടെയും ഗ്ലോറിയുടെയും പുത്രിയായ Dr. അഞ്ചു ജോയിയെ 12.02.2022 ൽ Dr.ജീൻ വിവാഹം ചെയ്തു. Dr. അഞ്ചു ഇപ്പോൾ M.A ESIC ബാംഗ്ലൂരിൽ അസിസ്റ്റൻറ് പ്രൊഫസറായി ജോലി ചെയ്യുന്നു. ഇവർക്ക് ജെയ്ഡൻ (DOB 16.03.2024) എന്ന മകൻ ജനിച്ചു.



**Dr.ഡോൺ MD(Anesthesia)**

എം ഡി അനസ്തേഷ്യ നേടിയ ഡോൺ എറണാകുളം രാജീവ് ഗാന്ധി മെമ്മോറിയൽ ഹോസ്പിറ്റലിൽ ജോലി ചെയ്യുന്നു. കാഞ്ഞിരപ്പള്ളി കരിപ്പപറമ്പിൽ ഐവാന്റെ മകൾ നീനു സാറയെയാണ് Dr.ഡോൺ വിവാഹം ചെയ്തിരിക്കുന്നത്. Dr. നീനു സാറ MD Critical Care specialist ആണ്. ഇവർക്ക് നവോമി മിറിയം എന്ന മകൾ ജനിച്ചു.



**ജോർജ്ജ് B.Com,CAIIB**

ജോസഫ്- ബേബി ദമ്പതികളുടെ മൂന്നാമത്തെ മകനായ ജോർജ് SBI യിൽ നിന്നും ഡെപ്യൂട്ടി മാനേജർ ആയി 30.11.2016 ൽ റിട്ടയർ ചെയ്തു. ജോർജ്ജ് വയലിൻ, തബല എന്നീ സംഗീതോപകരണങ്ങൾ വായിക്കാറുണ്ട്. ഭാര്യ ചാലക്കുടിയിൽ അക്കര അഗസ്റ്റിൻ മകൾ ജെസ്സി B.Sc. ഈ ദമ്പതികൾക്ക് രണ്ട് മക്കളാണുള്ളത് : എൽസ(ഇന്ദു) , എഡ്വേർഡ് (ജാക്).



**MSC (Optometry)** ബിരുദം  നേടിയ എത്സയെ മേലൂർ തെക്കൻ ജോർജ്ജ് മകൻ എവിൻ (M.Tech.) വിവാഹം ചെയ്തു. ഇവർ ഇപ്പോൾ യു. കെ. യിൽ ജോലിയിൽ ചെയ്യുന്നു. എൽസക്ക് ഐഡൻ ജോർജ്, റൂത്ത് ജോർജ് എന്ന് രണ്ട് മക്കൾ ജനിച്ചു.



**എഡ്‌വേർഡ് ജാക്ക് ജോർജ് B.Tech**

ജോർജ് - ജെസ്സി ദമ്പതിമാരുടെ മകനായ എഡ്‌വേർഡ് ബാംഗ്ലൂരിലെ UNISIS കമ്പനിയിൽ ജോലി ചെയ്യുന്നു. ജാക്ക് നേപ്പാൾ സ്വദേശിയായ ഫെറാഷയെ ആണ് വിവാഹം ചെയ്തിരിക്കുന്നത്. ഫെറാഷ ബാംഗ്ലൂരിൽ ഉള്ള LITMUS SOLUTION എന്ന കമ്പനിയിലെ HRD മാനേജരായി ജോലി ചെയ്യുന്നു. ഇവർക്ക് എഫാ എഡ്‌വേർഡ് (DOB 05.09.2020)എന്ന മകൾ ജനിച്ചു.



**പോൾ B.Com**

ജോസഫ് - ബേബി ദമ്പതിമാരുടെ നാലാമത്തെ മകനായ പോൾ സൗത്ത് ഇന്ത്യൻ ബാങ്കിൽ നിന്നും മാനേജറായി റിട്ടയർ ചെയ്തു. പോൾ നല്ല ഗിറ്റാറിസ്റ്റാണ്. ഭാര്യ ഒല്ലൂർ അക്കര ജോസഫ് മകൾ നിഷ BA. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ:- റിനി, ജോ . B.TECH പാസായ ഇവരുടെ മകൾ റിനിയെ കാഞ്ഞൂർ നവീൻ എസ് പാറക്കൽ വിവാഹം ചെയ്തു. നവീൻ ഇപ്പോൾ സൗത്ത് ഇന്ത്യൻ ബാങ്ക് അങ്കമാലി ശാഖയിൽ മാനേജരായി ജോലി ചെയ്യുന്നു.



**ജോ പോൾ**

പോൾ നിഷ ദമ്പതിമാരുടെ മകനായ ജോ എൻജിനീയറിങ് പാസായ ശേഷം ബാംഗ്ലൂരിലെ ZERODHA കമ്പനിയിൽ ജോലി ചെയ്യുന്നു. ജോ പോൾ പുൽപ്പള്ളി കുരിശിങ്കൽ ജോസഫ് മകൾ നയൻതാരയെ വിവാഹം ചെയ്തു. നയൻതാര പ്രൈസ് വാട്ടർ ഹൗസ് കൂപ്പേർസ് ൽ ജോലി ചെയ്യുന്നു. ഇവർക്ക് സാഷ മിറിയം ജോ (DOB 24.10.2023)എന്ന മകൾ ജനിച്ചു.



**മാത്യു (മാക്സി)**

ജോസഫ് - ബേബി ദമ്പതിമാരുടെ അഞ്ചാമത്തെ മകനായ മാത്യു ബി. ഇ. എഞ്ചിനിയറിംഗ് പാസ്സായി. സൗദി അറേബ്യയിൽ ജോലിയിലിരിക്കേ പിതാവിന്റെ മരണത്തെ തുടർന്നു പൂവ്വത്തുശ്ശേരിയിൽ സ്ഥിരതാമസമാക്കി. ഇരിമ്പൻ കൺസ്ട്രക്ഷൻ എന്ന സ്ഥാപനം നടത്തി വരുന്നു. പൂവ്വത്തുശ്ശേരിയിലും സമീപപ്രദേശത്തും നിരവധി വീടുകൾക്ക് രൂപകല്പന ചെയ്തിട്ടുണ്ട്. കോതമംഗലത്ത് ഇലഞ്ഞിക്കൽ ഡോ. തോമസിന്റെ മകൾ അനിത എം. കോം. ആണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ : ജോസി, ടെസ (BSc ZOOLOGY).



**ജോസി**

മാത്യു അനിത ദമ്പതിമാരുടെ മകനായ ജോസി MBA ബിരുദം നേടിയശേഷം HDFC ബാങ്കിൽ ജോലി ചെയ്യുന്നു. ജോസി കറുകുറ്റി വെള്ളെകുന്നേൽ ജോസ് മിനി ദമ്പതികളുടെ മകളായ മിയ മരിയയെ 13.01.2024 നു വിവാഹം കഴിച്ചു.



**ഐപ്പ് മാത്യുവും സന്തതി പരമ്പരയും**

ഐപ്പ് അന്നം ദമ്പതിമാരുടെ മകനായ മാത്യു ബി.എസ്. സി. ഡിഗ്രി ട്രിച്ചി സെന്റ് ജോസഫ് കോളേജിൽ നിന്നും പാസായി. തുടർന്ന് ബി.ടെക്. (MIT INST) മദ്രാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്നു പാസ്സായി. മദ്രാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നന്നു പാസ്സായി. ഡൽഹിയിലും ദുർഗ്ഗാപ്പൂരും എൻജിനിയറായി ജോലിചെയ്തിട്ടുണ്ട്. ഇപ്പോൾ ബോംബേയിൽ ബെൽസിൽ നിന്നും വിരമിച്ച് എഞ്ചിനിയറിംഗ് കൺസൽട്ടേഷൻ ചെയ്യുന്നു. ഭാര്യ കോതമംഗലത്ത് ഇലഞ്ഞിക്കൽ റിട്ടേർഡ് കളക്ടർ ആന്റ് ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് വർക്കി മകൾ ആലീസ് ബി.എ. ബി.എഡ്. ബോംബെ, വില്ലേപാർലേ സെന്റ് സേവിയേഴ്സ് സ്കൂളിൽ നിന്നും ടീച്ചറായി വിരമിച്ചു. മാത്യു ചെറുപ്പം മുതലേ സംഗീതോപകരണങ്ങൾ കൈകാര്യ

ചെയ്യാൻ വിരുതനായിരുന്നു. എഞ്ചിനിയറിംഗ് കോളേജിൽ പഠിക്കുമ്പോൾ കോളേജ് വോളീബോൾ ടീം ക്യാപ്റ്റനായിരുന്നു. മാത്യു 10.10. 2022 ൽ നിര്യാതനായി.



**ഡോ . ആനി എം. ഡി. Allergy immunology**

മാത്യു ആലിസ് ദമ്പതിമാരുടെ മകളായ ഡോ. ആനിയെ ചെന്നയിൽ മഡേലിൽ തോലസ് മകൻ ഫിലിപ്പ് എം. ഡി. വിവാഹം ചെയ്തിരിക്കുന്നു. ഇരുവരും അമേരിക്കയിൽ ഉപരിഠനം കഴിഞ്ഞ് അവിടെത്തന്നെ പ്രാക്ടീസ് ചെയ്യുന്നു. മകൻ തോമസ് എം. ഡി. റേഡിയോളജിയ്ക്ക് പഠിക്കുന്നു.

**ഡോ . ആനന്ദ് MD (ജോസുകുട്ടൻ)**

മാത്യു ആലിസ് ദമ്പതിമാരുടെ മകനായ ഡോ. ആനന്ദ് വിവാഹം ചെയ്തിരിക്കുന്നത് ഡോ. മായ, ഇല്ലിക്കൽ എം. ഡി., (Endoerinology) ആണ്. ഇരുവരും US ൽ തന്നെ പ്രാക്റ്റീസ് ചെയ്യുന്നു. ആനന്ദ് ബോബെയിൽ ഇന്റർ സ്കൂൾ മത്സരത്തിൽ ക്ലാസിക്കൽ സംഗീതത്തിന് ഒന്നാം സമ്മാനം നേടിയിട്ടുണ്ട്. മകൻ മാത്യ USA വിദ്യാഭ്യാസം ചെയ്യുന്നു.

**ഐപ്പ് പൗലോസ്ും സന്തതി പരമ്പരയും**

ഐപ്പ് അന്നം ദമ്പതിമാരുടെ അഞ്ചാമത്തെ മകനായ പൗലോസ് ബോബെ യൂണിവേഴിസിറ്റിയിൽ നിന്നും എം.എ., എൽ.എൽ.ബി. പാസ്സായി കേരള ഹൈക്കോടതിയിൽ പ്രാക്ടീസ് ആരംഭിച്ചു. ഭാര്യ മൂക്കന്നൂർ പാറേക്കാട്ടിൽ കുളങ്ങര ജോർജ്ജ് സിസിലി. കറുകുറ്റി, പ്രീമിയർ കേബിൾസ് കമ്പനിയിൽ മുപ്പതുവർഷത്തോളം പേഴ്സണൽ മാനേജറായും, ലോ ആന്റ് അഡ്മിനിസ്ട്രേറ്റീവ് മാനേജറായും ജോലി നോക്കി. ഇരിമ്പൻ കുടുംബയോഗത്തിന്റെ പ്രസിഡന്റ് ആയിരുന്നിട്ടുണ്ട്. ഇരിമ്പൻ ഐപ്പ് മെമ്മോറിയൽ വോളിബോൾ ട്രോഫി സംഭാവന ചെയ്തിരിക്കുന്നത് ശ്രീ ഐപ്പ് പൗലോസാണ്. YMCA., എറണാകുളം സബ് - റീജിയൺ ചെയര്മാന് ആയും Y's Men-international ൻറെ ലെഫ്റ്റന്റ് റീജിയണൽ ഡയറക്ടർ ആയും പ്രവർത്തിച്ചിട്ടുണ്ട് . സംഗീതപ്രിയനായ ഇദ്ദേഹം മൃദംഗം വായിക്കാൻ വിദ്ഗ്ധനാണ്. പൗലോസ് - സിസിലി ദമ്പതികൾക്ക് രണ്ട് മക്കൾ : ജോസൺ, ജോയൽ. ഐപ്പ് പൗലോസ് 22.07.2017 ൽ നിര്യാതനായി



**ജോസൺ BE (Electronics)**

പൗലോസ് - സിസിലി ദമ്പതികളുടെ മൂത്ത മകനായ ജോസൺ എഞ്ചിനീറിങ് പാസ്സായ ശേഷം കുറച്ചുകാലം ബാംഗ്ലൂർ സ്റ്റെപ്പ് ഇലക്ട്രോണിക്സിൽ ജോലി നോക്കി. ജോലിയുടെ ഭാഗമായി ആസ്ത്രേലിയായിൽ ട്രെയ്നിങ്ങ് ചെയ്തു. തുടർന്ന് സൗദി അറേബ്യയിൽ ജോലിയിലായിരുന്നു. ഇപ്പോൾ കുടുംബസമേതം കാനഡയിൽ ജോലി ചെയ്യുന്നു. ഭാര്യ എടത്തുരുത്തി താടിക്കാരൻ മാത്യു മകൾ റൈനി BA. ഇവർക്ക് മൂന്ന് മക്കൾ. ഹെയ്സൽ, പോൾ,ട്രീഷ. MBBS പാസായ ഹൈസെൽ വിവാഹിതായി USA യിൽ താമസിക്കുന്നു. Electrical Engineering ബിരുദധാരിയായ പോൾ കാനഡയിൽ JACOBS എന്ന കമ്പനിയിൽ ജോലി ചെയ്യുന്നു.



**ജോയൽ BE (Electronics)**

പൗലോസ് - സിസിലി ദമ്പതികളുടെ രണ്ടാമത്തെ മകനായ ജോയൽ എഞ്ചിനീറിങ് പാസ്സായ ശേഷം സൗദി അറേബ്യയിൽ ജോലിയിലായിരുന്നു. ഭാര്യ വെണ്ടൂർ മഞ്ഞളി ജോൺ മകൾ മേരി റാണി- എം.എസ്സി. മക്കൾ ഐറിൻ, മെർലിൻ, ജോൺപോൾ, ലിലിയാൻ.ജോയൽ സകുടുംബം ഇപ്പോൾ കാനഡയിൽ താമസിക്കുന്നു.



**വറീയ്ത് മാത്തുവും സന്തതി പരമ്പരയും**

മാത്തുവിന്റെ ആദ്യഭാര്യ നായത്തോട് കൊളുവൻ കുടുംബാഗമായിരുന്നു. ആ വിവാഹത്തിൽ സന്താനങ്ങൾ ഉണ്ടായിരുന്നില്ല. രണ്ടാം വിവാഹം ചക്കരക്കടവ് മാഞ്ഞൂരാൻ ചെറിയ മകൾ മറിയം, മക്കൾ നാല് - കൊച്ചുവറീയത്, ആലീസ്, മേരി, തോമസ്, മാത്തു പ്രശ്സ്തനായ കൃഷിക്കാരനായിരുന്നു. ചിങ്ങത്തിലെ ഓണത്തിന് നാനാപ്രദേശങ്ങളിലേയ്ക്കുമുള്ള നേന്ത്രൻ കുലകൾ മാത്തുവിന്റെ തോട്ടത്തിൽ നിന്നാണു പോയിരുന്നത്. ഗുരുവായൂർ ക്ഷേത്രത്തിൽ സമർപ്പിക്കാൻ ഓണത്തിന് ഇവിടെ നിന്നുതന്നെയാണ് കാഴ്ചകുലകൾ കൊണ്ടുപോയിരുന്നത്. മാത്തു 21.4.1894ൽ ജനിച്ചു. 27.12.1942 ൽ 48-ാം വയസ്സിൽ നിര്യാതനായി. ഭാര്യ മറിയം 15.10.1901 ൽ ജനിച്ച് 19.2.1987ൽ മരിച്ചു. ഇവരുടെ മൃതദേഹങ്ങൾ പൂവ്വത്തുശ്ശേരി പള്ളി സിമിത്തേരിയിലെ കുടുംബ കല്ലറയിൽ അടക്കം ചെയ്തു.



**കൊച്ചുവറീത്**

മാത്യു -മറിയം ദമ്പതിമാരുടെ മൂത്തമകനായ കൊച്ചുവറീത് കോളജ് വിദ്യാഭ്യാസം നടത്തികൊണ്ടിരിക്കെ പിതാവിന്റെ അസുഖത്തെ തുടർന്ന് കൃഷിയും, മറ്റ് കുടുംബകാര്യങ്ങളും മേൽനോട്ടം വഹിക്കേണ്ടതിനായി നാട്ടിലേക്ക് തിരിച്ചുപോന്നു. ഭാര്യ തൃശ്ശൂർ കാഞ്ഞിരപറമ്പിൽ ചാക്കുണ്ണി മകൾ മേരി. ഈ ദമ്പതികൾക്ക് നാല് ആണും ഒരു മകളും ജനിച്ചു. കൊച്ചുവറീത് വളരെനാൾ ഇരിമ്പൻ തറവാടിന്റെ പ്രസിഡന്റ് സ്ഥാനവും അലങ്കരിച്ചിട്ടുണ്ട്.

പൂവ്വത്തുശ്ശേരിയുടെ കാർഷിക ചരിത്രം മാറ്റിയെഴുതിയ തിരുവിതാംകൂറിലെ ആദ്യ ജലസേചന പദ്ധതികളിൽ ഒന്നായ പൂവ്വത്തുശശേരി ലിഫ്റ്റ് ഇറിഗേഷൻ 1945 ലാണ് പ്രവർത്തന സജ്ജമായത്. ഇരിമ്പൻ വറീത് ഐപ്പ്, ഇരിമ്പൻ മാത്തു കൊച്ചുവറീത്, പറമ്പേത്ത് കുഞ്ഞുപൗലോ, ചാക്കുപോൾ, പറമ്പേത്ത് കുഞ്ഞുവറീത് കുഞ്ഞിപൗലോ എന്നീ കുടുംബക്കാർ ചേർന്ന് മുതൽ മുടക്കി സ്ഥാപിച്ച രണ്ടു പമ്പുകൾ

(ഇന്നത്തെ സെന്റ് പീറ്റേഴ്സ് കോൺവെന്റിനു തൊട്ടു തെക്കു വശത്തുള്ള ലിഫ്റ്റ് ഇറിഗേഷൻ സ്റ്റേഷനിൽ ) പുവ്വത്തുശ്ശേരിയുടെ മുഖഛായ തന്നെ മാറ്റി. വൈദ്യുതി എങ്ങിനെ കൃഷിയ്ക്ക് സഹായകമാകുമെന്ന് ജനങ്ങളുടെ കണ്ണു തുറപ്പിച്ച ഒരു സ്വകാര്യ മേഖലാ പദ്ധതിയായിരുന്നു അത്. വെള്ളക്കര ഉപഭോക്താക്കളിൽ നിന്നും നേരിട്ട് പിരിച്ച് അറ്റകുറ്റപണികൾ നടത്തി നാടിനും നാട്ടുകാർക്കും പ്രയോജന പ്രദമായ മാതൃകാ ജലസേചന സ്കീമായിരുന്നു ഇത്. എന്നാൽ അധിക കാലം കഴിയുന്നതിനുമുമ്പ് പാറക്കടവ് മേജർ സ്കീം ഗവൺമെന്റ് നേരിട്ട് നടത്തുവാൻ തുടങ്ങിയപ്പോൾ മേൽപറഞ്ഞ സ്വകാര്യ പമ്പുകൾ ഗവണ്മന്റിലേക്ക് വിട്ടു കൊടുക്കുകയായിരുന്നു. ഈ സ്വകാര്യ പദ്ധതിയുടെ ചുക്കാൻ പിടിച്ചത് ശ്രീ കൊച്ചുവറീയത് ആയിരുന്നു. കൊച്ചുവറീത് 2018 ലും മേരി 2012 ലും നിര്യതരായി.



**ഡോ. സണ്ണി ജോർജ്ജ് MD**

കൊച്ചുവറീത് മേരി ദമ്പതിമാരുടെ മൂത്തമകനായ സണ്ണിയുടെ കോളേജ് വിദ്യാഭ്യാസം സെന്റ് ജോസഫ് തൃശ്നാപ്പിള്ളിയിലും, സെന്റ് ബർക്ക്മെൻസ് ചങ്ങനാശ്ശേരിയിലും ആയിരുന്നു .അതിന് ശേഷം കാക്കിനഡ എസ്. ആർ.എം. മെഡിക്കൽ കോളേജിൽ നിന്നും എം.ബി.ബി.എസ്. പാസ്സായി. വിശാഖ പട്ടണം മെഡിക്കൽ കോളേജിൽ നിന്നും മെഡിസിനിൽ ബിരുദാനന്തര ബിരുദം (എം.ഡി. പീഡിയാട്രിക്) നേടി. പാത്തോളജിയിലും, ഒബ്സക്ട്രിക്സിലും, ഗൈനക്ക്ക്കോളജിയിലും ബെസ്റ്റ് ഔട്ട്ഗോയിങ്ങ് സ്റ്റുഡന്റിനുള്ള സ്വർണ്ണ മെഡൽ ജേതാവുകൂടിയാണ് ഡോ. സണ്ണി . 1969 മുതൽ തൃശൂർ ജൂബിലി മിഷൻ ഹോസ്പിറ്റലിൽ ജോലിയിൽ പ്രവേശിച്ചതിനെ തുടർന്ന് സൂപ്രണ്ടും, പിഡിയാട്രിക്സ് ഹെഡ് ഓഫ് ദി ഡിപ്പാർട്ട്മെന്റുമായി പ്രവർത്തിച്ചു. ഭാര്യ ചമ്പക്കുളം കവലക്കൽ സി. ജെ വർഗ്ഗീസിന്റെ പുത്രി മോളി (ബി.എസ്.സി.)ആണ്. മക്കൾ സുമയും, സുനിലും.



**സുമ M.Sc**

സണ്ണി - മോളി ദമ്പതിമാരുടെ മൂത്തമകളായ സുമ B.Sc Home science സെക്കന്റ് റാങ്കിൽ പാസ്സായി. തുടർന്ന് M.Sc. യും സെക്കന്റ് റാങ്കിൽ പാസ്സായി. തിടനാട് പുലിക്കുന്നേൽ കുടുംബാഗമായ Dr. സഞ്ജയ് മാത്തു(MDS) വിവാഹം ചെയ്തു. ഇവർക്ക് രണ്ട് പെണ്മക്കൾ : മരിയ സൂസൻ,സിസിലിയ



**സുനിൽ M D S.**

സണ്ണി - മോളി ദമ്പതിമാരുടെ മകനായ സുനിൽ MDS പാസ്സായ ശേഷം ഇപ്പോൾ മൂവാറ്റുപുഴ ഡെന്റൽ കോളേജിൽ ജോലി ചെയ്യുന്നു. ഭാര്യ പാലയിൽ കുട്ടിയാനിയിൽ സെബാസ്റ്റ്യൻ മകൾ ബിന്ദു (M.Sc., B.Ed.,

M.Tech). സുനിൽ ബിന്ദു ദമ്പതികൾ ദമ്പതികൾക്ക് മാത്യു, സെബാസ്റ്റ്യൻ, മാർട്ടിൻ എന്ന മൂന്ന് ആൺമക്കൾ ജനിച്ചു



**ചാക്കോ**

കൊച്ചുവറീയ്ത് രണ്ടാമത്തെ മകൻ : ചാക്കോ പിതാവിനൊപ്പം കൃഷികാര്യങ്ങളിൽ ഏർപ്പെട്ടിരുന്നു. ഭാര്യ മേലൂർ മേച്ചേരി തോമൻ മകൾ റോസി.



**വത്സ**

കൊച്ചുവറീത് മേരി ദമ്പതിമാരുടെ മകളായ വത്സയെ ചമ്പക്കുളത്ത് കുര്യളശ്ശേരി കുടുബത്തിൽ ഡോ. തോമസ് ജെ. ആന്റണി എം.ബി.ബി.എസ്. വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് പെൺമക്കൾ മൂത്തമകൾ ആഷയെ തലയോലപറമ്പ് കൊല്ലംപറമ്പ് കുടുബത്തിൽ കുര്യച്ചനും, രണ്ടാമത്തെ മകൾ നിഷയെ കാഞ്ഞിരപ്പിള്ളി കുരിശുംമൂട്ടിൽ അഡ്വ. ഡൊമിനിക് കെ.ഡൊമിനിക്കും, ഉഷയെ മുന്നിലാവ് ചുങ്കപുരക്കൽ ജോസി ജോസഫും വിവാഹം ചെയ്തു. വത്സയും ഡോക്ടർ തോമസ് ജെ ആൻറണിയും (11.06.2021 ൽ) നിര്യാതരായി.



**ടോമി B.A**

കൊച്ചുവറീത് മേരി ദമ്പതിമാരുടെ മൂന്നാമത്തെ മകനായ ടോമി ആ.അ കോതമംഗലം പെരുമ്പിള്ളിച്ചിറ ജോൺ മകൾ ആനിയെ വിവാഹം ചെയ്തു.ആനി കാത്തലിക് സിറിയൻ ബാങ്കിൽ നിന്നും റിട്ടയർ ചെയ്തു. ഈ ദമ്പതിമാരുടെ മൂത്ത മകൾ ടീന .M.A പാസ്സായി. ടീനയെ വടക്കേക്കുളം തോമസി മകൻ ദീപക് (ചാർട്ടേഡ് അക്കൗണ്ടന്റ്) വിവാഹം ചെയ്തു. ദീപക് തോമസ് ഇപ്പോൾ എറണാകുളത്ത് അസറ്റ് ഹോമിൽ ചാർട്ടേർഡ് അക്കൗണ്ടന്റ് ജോലി നോക്കുന്നു. മകൻ ആന്റണി M.B.A. പാസ്സായി. ബാംഗ്ലൂരിൽ ജോലിചെയ്യുന്നു. ആൻറണി മഞ്ഞപ്ര വടക്കുംചേരി ബേബിയുടെ മകൾ അഞ്ജുവിനെ 08.02.2020 ൽ വിവാഹം ചെയ്തു. ഇവർക്ക് എസ്സന ആൻറണി എന്ന മകൾ ജനിച്ചു (DOB 20.11.2020). ടോമി 28.8.2001ൽ നിര്യാതനായി.



**ജോഷി**

കൊച്ചുവറീത്- മേരി ദമ്പതിമാരുടെ നാലാമത്തെ മകനായ ജോഷി കൃഷികാര്യങ്ങളിൽ വാപൃതനായിരുന്നു ജോഷി പരിയാരത്തെ കിഴക്കൂടൻ ഔസഫ് മകൾ ആനിയെ വിവാഹംചെയ്ത്. ഇവർക്ക് ഒരു പെൺകുട്ടിയും (രമ്യ) ഒരു ആൺകുട്ടിയും (രഞ്ജിത്) ജനിച്ചു. രമ്യയെ തൊടുപുഴയിൽ മണ്ണൂർ കുടുംബത്തിൽ മാമച്ചൻ മകൻ ടോണി MBA വിവാഹം ചെയ്തു. ടോണി KOTAK MAHINDRA യിൽ ജോലി ചെയ്യുന്നു. രഞ്ജിത്ത് ബാംഗ്ലൂരിൽ MYNTRA യിൽ ജോലി ചെയ്യുന്നു. രഞ്ജിത്ത് ആരക്കുഴ മാതേക്കൽ ജോർജിന്റെ മകൾ റോഷ്നിയെ വിവാഹം ചെയ്തു.



**ആലീസ്**

മാത്യു മറിയം ദമ്പതിമാരുടെ മൂത്തമകളായ ആലീസിനെ കുഴുപ്പിള്ളിയിൽ മാളിയേക്കൽ കൊച്ചുവറീത് മകൻ ചെറിയാൻ വിവാഹം ചെയ്തു. ഇദ്ദേഹം കുഴുപ്പിള്ളി പഞ്ചായത്തു പ്രസിഡണ്ടായിരുന്നു. ആൺമക്കളിൽ മൂത്തയാൾ ജോർഡി (SBI D. Manager) തൃശ്ശൂർ മേച്ചേരി ഇട്ടിയച്ചൻ മകൾ ഉഷയേയും, രണ്ടാമത്തെ മകൻ മാത്യു( ബിസിനസ്സ് ) മാന്നാനത്ത് കൈനകരി കുടുംബത്തിൽ ക്ലാരമ്മയേയും, മൂന്നാമത്തെ മകൻ ബാബു കടമക്കുടി മണവാളൻ റീനയേയും, നാലാമത്തെ മകൻ ബോബി ഷീലയേയും വിവാഹം കഴിച്ചു. പെൺമക്കളിൽ ഷീലയെ തൃപ്പൂണിത്തുറ ചക്കാലയിൽ പോൾ സി കുര്യാക്കോസും, ഷീജയെ നോർത്ത് പറവൂർ മാഞ്ഞൂരാൻ ജോസും, ടെസ്സിയെ ചാലക്കുടിയിൽ കിഴക്കുംതല ദാസും വിവാഹം ചെയ്തു. ചെറിയാനും,,ആലീസ് 12.4.2012 നും മകൻ ബാബു 6.5.2012. ലും നിര്യാതരായി.,



**മേരി**

മാത്യു മറിയം ദമ്പതിമാരുടെ രണ്ടാമത്തെ മകളായ മേരിയെ വൈന്തല കണിച്ചായി തോമസ് മകൻ പീറ്റർ വിവാഹം ചെയ്തു. പീറ്റർ, ബിസിനസ്സ് രംഗങ്ങളിൽ വ്യാപൃതനായിരുന്നു. ഇവരുടെ മകൻ ടോമി MA. കുറേക്കാലം സൗദി അറേബ്യയിൽ ജോലിയിലായിരുന്നു. നാട്ടിൽ തിരിച്ചെത്തി ബിസിനസ്സിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. ടോമി ആലപ്പുഴ നരേത്ത് കുടുംബത്തിൽ ഷൈലയേയും, ഇവരുടെ മൂത്ത മകൾ റൂബി വൈക്കം കൊണാത്തപ്പിളി മാമച്ചനയും(Engineer) രണ്ടാമത്തെ മകൾ ഷെർലി ഡോ. മാത്യു പൂവ്വത്തിങ്കൽ-തലയോലപറമ്പനേയും, മൂന്നാമത്തെ മകൾ മോളി നോർത്ത് പറവൂർ മാനാടൻ ലോനപ്പൻ മകൻ ഫ്രാൻസീസിനേയും നാലാമത്തെ മകൾ റീത്ത കൊലത്ത് ഷാജി ബേബി ജോണിനേയും വിവാഹം ചെയ്തു. പീറ്റർ 14.02.2016 ലും മേരി 11.08.2021 ലും നിര്യാതരായി.



**തോമസ് B.E Mechanical**

മാത്യു മറിയം ദമ്പതിമാരുടെ ഇളയ മകനായ തോമസിന്റെ ഹൈസ്ക്കൂൾ വിദ്യാഭ്യാസം ആലുവ സെന്റ് മേരീസിലും, ഉന്നത വിദ്യാഭ്യാസം തൃശൂർ സെന്റ് തോമസ് കോളേജിലും പൂർത്തിയാക്കി. മൈസൂർ യൂണിവേഴ്സിറ്റിയിൽ നിന്നും മെക്കാനിക്കാൽ എഞ്ചിനീയറിങ്ങ് ബിരുദം സമ്പാദിച്ചു. ബാംഗ്ലൂർ HMT. യിൽ ജോലിയിൽ പ്രവേശിച്ചു. തുടർന്ന് FACT. യിൽ ജോലിയിലായിരുന്നു. 1969ൽ FACT മാനേജ്മെന്റ് ജപ്പാനിലേക്ക് ഉന്നത വിദ്യാഭ്യസത്തിനയച്ചു. 1975 വീണ്ടും ഫോസഫേറ്റിക് ഫൈർട്ടി ലൈസർ നിർമ്മാണത്തിൽ വൈദ്ഗ്ദ്യം നേടുന്നതിന് സൊസൈറ്റ് ഡി പ്രയോൺസിൽ (ബെൽജിയം) അയച്ചശേഷം FACT യുടെ മെയ്ന്റൻസ് സൂപ്രണ്ടായി ജോലി നോക്കി. 1978 ൽ എഅഇഠ നിന്നും വിരമിച്ച് പ്ലാന്റേഷൻ/ബിസിനസ്സ് രംഗത്ത് പ്രവേശിച്ചു. കാഞ്ഞൂർ പാറക്ക പോളിന്റെ മകൾ ഓമന (കൊച്ചുത്രേസ്യ) വിവാഹം ചെയ്തു. ഇരിമ്പൻ കുടുംബയോഗം സാരഥിയായിരുന്ന തോമസ് കുടുംബയോഗത്തിന്റെ പതിവ് പ്രവർത്തന ശൈലിയിൽ നിന്നും എടുത്തു പറയത്തക്ക മാറ്റങ്ങൾ വരുത്തുവാൻ ശ്രമിച്ചു. കുടുംബത്തിന്റെ സാമ്പത്തീക ഭദ്രതയ്ക്ക് വേണ്ടി നടത്തിയ കുറിയും, കുടുംബ ചരിത്ര പ്രസിദ്ധീകരണവും, 2013ലെ സമ്പൂരണ്ണ കുടുംബസംഗമവും ഇതിന് ഉത്തമ ഉദാഹരണങ്ങളാണ്.

ഈ ദമ്പതികൾക്ക് നാലു പെൺ മക്കളാണുള്ളത് ( മീന,ലീന, ഹേമ ,അനു ). ഓമന 05.06.2011 ലും തോമസ് 07.05.2021 ലും നിര്യാതരായി. ഓമന തോമസ് ദമ്പതികളുടെ സ്മരണാർത്ഥം ഇരിമ്പൻ കുടംബയോഗത്തിൽ വെച്ച് പന്ത്രണ്ടാം ക്ലാസിൽ (CBSE & ICSE) ഉയർന്ന മാർക്ക് നേടുന്ന കുട്ടികൾക്ക് ക്യാഷ് അവാർഡ് 2021 മുതൽ നൽകിവരുന്നു.



**Dr. മീന M. Sc.M.Phil,Phd**

തോമസ്-ഓമന ദമ്പതിമാരുടെ മൂത്ത മകളായ മീന തൃശ്ലൂർ വിമല കോളേജിൽ നിന്നും ബെസ്റ്റ് ഔട്ട് ഗോയിങ്ങ് സ്റ്റൂഡന്റിനുള്ള സ്വർണ്ണമെഡൽ നേടിയിട്ടുണ്ട്. ഇരിങ്ങാലക്കുട സെൻറ് ജോസഫ് കോളേജിൽ ബോട്ടണി ഡിപ്പാർട്മെന്റിൽ സേവനം ചെയ്ത മീന 31.03.2020ൽ റിട്ടയർ ചെയ്തു . മീന Phytochemistry

എന്ന വിഷയത്തിൽ Phd ബിരുദം നേടിയിട്ടുണ്ട് . ഭർത്താവ് ചെമ്പിത്താനം ജോർജ്ജി ജോർജ്ജ് (ചാർട്ടേഡ് അക്കൗണ്ടന്റ്).ഇപ്പോൾ പൂവത്തുശ്ശേരിയിൽ താമസിക്കുന്നു. ഇവരുടെ മൂത്ത മകൾ ശ്വേതയെ പാലയിൽ തെക്കേയിൽ ടി. ജെ. ജോസഫിന്റെ മകൻ ജോ ജോസഫ് വിവാഹം ചെയ്തു. ഇപ്പോൾ ദുബായിൽ engineer ആയി ജോലി ചെയ്യുന്നു. ജോജി-മീന ദമ്പതിമാരുടെ മകൻ ജോർജ്ജ് IIT ചെന്നൈയിൽ നിന്നും M. Tec. പാസ്സായി. ഇപ്പോൾ ഡെൽഹിയിൽ അമേരിക്കൻ എക്സ്പ്രസിൽ ജോലിചെയ്യുന്നു. ജോജി-മീന ദമ്പതിമാരുടെ ഇളയ മകൾ സ്നേഹ (MD - CM) അമല മെഡിക്കൽ കോളേജിൽ ജോലി ചെയ്യുന്നു.



**ലീന B.Com**

തോമസ്- ഓമന ദമ്പതിമാരുടെ രണ്ടാമത്തെ മകളായ ലീനയെ ഭർത്താവ് മണലൂർ കോടൻകണ്ടത്ത് തോപ്പിൽ അന്തോണി മകൻ മാത്തച്ചൻ B.Tech വിവാഹം ചെയ്തു . മാത്തച്ചൻ. നോയിഡ NTPC യിൽ നിന്നും ജനറൽ മാനേജർ ആയി റിട്ടയർ ചെയ്തു ഇപ്പോൾ പൂവത്തുശ്ശേരിയിൽ താമസിക്കുന്നു. ഇവർക്ക് രണ്ട് ആൺമക്കളാണ് ഉള്ളത്: ആന്റണി, തോമസ്.



**ഹേമ B.SC**

തോമസ്- ഓമന ദമ്പതിമാരുടെ മൂന്നാമത്തെ മകളായ ഹേമയെ മറ്റത്തിൽ കാക്കശ്ശേരി പ്രൊ. ജോസ് മകൻ തോമസ്. B.Sc. Eng. വിവാഹം ചെയ്തു. ഇപ്പോൾ കർണാടകയിൽ ബിജാപുർ എയർപോർട്ട് പ്രോജക്റ്റ് മാനേജരായി ജോലി ചെയ്യുന്നു. ഇവർക്ക് രണ്ട് മക്കൾ: ത്രേസ്യ , ജോസഫ് .



**അനു B.Sc**

തോമസ്- ഓമന ദമ്പതിമാരുടെ ഇളയ മകളായ അനുവിനെ ആലുവ തെക്കിനിയേടത്ത് ഫ്രാൻസീസ് പോൾ മകൻ റിജോ B.Sc. Eng. MBA വിവാഹം ചെയ്തു. റിജോ ഇപ്പോൾ ഡൽഹിയിൽ Zee Entertinment Enterprises LTD ൽ National sales Head ആയി ജോലി ചെയ്യുന്നു. ഇവർക്ക് രണ്ട് മക്കൾ ട്രീസ, മരിയ.

